(ബി) സരിത എസ്. നായരേയും അവരുടെ തട്ടിപ്പുകൾക്ക് കൂട്ടുനിന്നവരെയും കേന്ദ്ര ഏജൻസികളുടെ ചോദ്യം ചെയ്യലിൽനിന്നു രക്ഷിക്കാനാണ് പ്രസ്തുത കമ്പനിയെ കരിമ്പട്ടികയിൽപ്പെടുത്താത്തതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത തട്ടിപ്പിനെക്കുറിച്ച് കേന്ദ്ര കമ്പനികാര്യ മന്ത്രാലയത്തെ രണ്ടു കൊല്ലമായിട്ടും അറിയിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ ;

(ഡി) കേന്ദ്ര കമ്പനികാര്യ മന്ത്രാലയത്തിനു കീഴിൽ രജിസ്റ്റർ ചെയ്ത കമ്പനിയാണ് ടീം സോളാർ എന്ന് അറിവുണ്ടോ ;

(ഇ) പ്രസ്തുത കമ്പനിയെ 1956-ലെ കമ്പനികാര്യ നിയമം അനുസരിച്ച് കരിമ്പട്ടികയിൽപ്പെടുത്താൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ടീം സോളാർ കമ്പനിയുടെ രജിസ്ട്രേഷൻ റദ്ദാക്കിയിട്ടുണ്ട്.

(ബി) ടീം സോളാർ കമ്പനിയുമായി ബന്ധപ്പെട്ട കേസ്സുകളിൽ കേന്ദ്ര ഏജൻസിയായ New and Renewable Energy-യിലെ ഉദ്യോഗസ്ഥരെ കണ്ട് ചോദിച്ച് മൊഴി രേഖപ്പെടുത്തി അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) ടീം സോളാർ കമ്പനിയുടെ തട്ടിപ്പിനെക്കുറിച്ച് Ministry of Corporate Affairs-നെ അറിയിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ടീം സോളാർ കമ്പനിയുടെ അംഗീകാരം റദ്ദാക്കിയിട്ടുണ്ട്.

പുതിയ പോലീസ് സ്റ്റേഷനുകളും സർക്കിൾ ഓഫീസുകളും

123 (4458) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ പോലീസ് സ്റ്റേഷനുകളും സർക്കിൾ ഓഫീസുകളും അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) കാസർഗോഡ് ജില്ലയിൽ പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(ഡി) രജിസ്റ്റർ ചെയ്യുന്ന ക്രൈം കേസുകളുടെ വർദ്ധനവും വിശാലവും ജനസാന്ദ്രതയേറിയതും വർഗ്ഗീയവും രാഷ്ട്രീയവുമായി സെൻസിറ്റീവ് ഏരിയയായി കണക്കാക്കപ്പെടുന്നതുമായ തീരദേശ മേഖല ഉൾപ്പെടുന്നതും, കേന്ദ്ര സർവ്വകലാശാലയും ബേക്കൽ ടൂറിസ്റ്റ് കേന്ദ്രവുമടക്കം സ്ഥിതി ചെയ്യുന്നതും പരിഗണിച്ച് ഹോസ്ദുർഗ്ഗ് പോലീസ് സർക്കിൾ വിഭജിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ക്രൈം കേസുകളുടെ വർദ്ധനവ്, ജനസാന്ദ്രത, ഉയർന്ന പ്രാദേശിക വിസ്തീർണ്ണം, വർഗ്ഗീയവും ജാതീയവുമായ സെൻസിറ്റിവിറ്റി തുടങ്ങിയ കാര്യങ്ങളാണ് പുതിയ പോലീസ് ഓഫീസുകൾ തുടങ്ങുന്നതിനുള്ള മാനദണ്ഡമായി പരിഗണിക്കുന്നത്.

(ബി & സി) കാസർഗോഡ് ജില്ലയിലെ ചുള്ളിക്കര, കീഴൂർ, പൈവളികെ, പാണത്തൂർ, പെരിയ, തൃക്കരിപ്പൂർ, ഉപ്പള എന്നീ സ്ഥലങ്ങളിൽ പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കണമെന്ന നിർദ്ദേശം വകുപ്പുതലത്തിൽ പരിശോധിച്ചു വരികയാണ്.

(ഡി) ഹോസ്ദുർഗ് പോലീസ് സർക്കിൾ വിഭജിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ വകുപ്പുതലത്തിൽ പരിശോധിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിലെ കഞ്ചാവ് വില്പന കേസുകൾ

124 (4459) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-നു ശേഷം കഞ്ചാവ് വില്പന സംബന്ധിച്ച എത്ര കേസുകളാണ് കാസർഗോഡ് ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ബി) ഇതിൽ എത്ര കേസ്സുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്നും എത്ര പേരെ ശിക്ഷിച്ചിട്ടുണ്ടെന്നും പറയാമോ ;

(സി) ജില്ലയിൽ പ്രധാനമായും കാഞ്ഞങ്ങാട് റെയിൽവേ സ്റ്റേഷൻ പരിസരങ്ങളിൽ വ്യാപകമായി കഞ്ചാവ് വില്പന നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സ്കൂൾ വിദ്യാർത്ഥികളടക്കം ഇതിന്റെ ഇരകളാകുന്നു എന്നത് പരിഗണിച്ച് കഞ്ചാവ് വില്പന കർശനമായി നിരോധിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ &ബി) കഞ്ചാവ് വില്പന സംബന്ധിച്ച് 124 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ 107 കേസുകളിൽ കുറ്റപത്രം സമർപ്പിക്കുകയും 13 പേരെ ശിക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly